SSLC -Chemistry -Class -24

## *Unit 3:* ക്രിയാശീല ശ്രേണിയും വൈദ്യുത രസതന്ത്രവും

### സോഡിയം ക്ലോറൈഡ് ലായനിയുടെ വൈദ്യുതവിശ്ലേഷണം.

സോഡിയം ക്ലോറൈഡ് ലായനിയിൽ $Na^+$ , $Cl^-$ , $H^3O^+$ , $OH^-$ , $H_2O$ എന്നിവ അടങ്ങിയിരിക്കുന്നു.

### ആനോഡ്

$Cl^-$ അയോണും $OH^-$ അയോണും ആനോഡിലേക്ക് ആകർഷിക്കപ്പെടുന്നു. ഈ അയോണുകളും ജലവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ CI - അയോണിനാണ് ഓക്സീകരണ പ്രവണത കൂടുതൽ . അതിനാൽ ആനോഡിൽ $CI_2$ ക്ളോറിൻ വാതകം സ്വതന്ത്രമാകുന്നു.

$$2Cl^- \rightarrow Cl_2 + 2e^-$$

### കാഥേഡ്

$Na^+$ അയോൺ , $H^3O^+$ അയോൺ എന്നിവയാണ് കാഥോഡിലേക്ക് ആകർഷിക്കപ്പെടുക. എന്നാൽ ഇവയെ അപേക്ഷിച്ച് നിരോക്സീകരണ പ്രവണത കൂടുതൽ $H_2O$ യ്ക്ക് ആണ്. അതിനാൽ കാഥോഡിൽ ഹൈഡ്രജൻ വാതകം സ്വതന്ത്രമാകുന്നു

$$2H_2O + 2e^- \rightarrow H_2 + 2OH^-$$

ലായനിയിൽ NaOH ലഭിക്കുന്നു

## വൈദ്യുതവിശ്ലേഷണത്തിന്റേ പ്രായോഗികഫലങ്ങൾ

### 1 . ലോഹങ്ങളുടെ നിർമ്മാണം

പൊട്ടാസ്യം, കാൽസ്യം ,സോഡിയം, അലുമിനിയം തുടങ്ങിയ ലോഹങ്ങൾ അവയുടെ സംയുക്തങ്ങളെ വൈദ്യുതവിശ്ലേഷണം ചെയ്ത് നിർമിക്കുന്നു.

### 2. അലോഹങ്ങളുടെ നിർമാണം

ഓക്സിജൻ ,ഹൈഡ്രജൻ ,ക്ലോറിൻ തുടങ്ങിയ അലോഹങ്ങൾ നിർമിക്കുന്നത് വൈദ്യുത വിശ്ലേഷണ രീതി ഉപയോഗിച്ചാണ് .

### 3. സംയുക്തങ്ങൾ നിർമിക്കുന്നതിന്

സോഡിയം ഹൈഡ്രോക്സൈഡ്, പൊട്ടാസ്യം ഹൈഡ്രോക്സൈഡ് തുടങ്ങിയ സംയുക്തങ്ങൾ നിർമിക്കുന്നത്തിന് വൈദ്യുത വിശ്ലേഷണം പ്രയോജനപ്പെടുത്തുന്നു.

### ഇലക്ട്രോപ്ലേറ്റിംഗ്

വൈദ്യുത വിശ്ലേഷണം വഴി ഒരു ലോഹത്തിനും മുകളിൽ മറ്റൊരു ലോഹം ആവരണം ചെയ്ത് എടുക്കുന്ന രീതിയാണ് ഇലക്ട്രോപ്ലേറ്റിംഗ്

### ഉപയോഗങ്ങൾ

ലോഹനാശനം തടയുന്നു.
ഭംഗി വർദ്ധിപ്പിക്കുന്നു.

ഇവിടെ ആവരണം ചെയ്യേണ്ട വസ്തു കാഥോഡായും പൂശേണ്ട ലോഹം ആനോഡായും പ്രവർത്തിക്കുന്നു.ആവരണംചെയ്യപ്പെടേണ്ട ലോഹത്തിന്റെ ലവണ ലായനിയാണ് ഇലക്ട്രോലൈറ്റ് .

ഉദാ- ഇരുമ്പു വളയിൽ ചെമ്പുപൂശുന്നത്




കാഥോഡായി ഇരുമ്പുവളയും ആനോഡായി കോപ്പർ ദണ്ഡും എടുത്തിരിക്കുന്നു. കോപ്പർ സൾഫേറ്റാണ് ഇലക്ട്രോലൈറ്റ്.

**കാഥോഡ്**

$$Cu^{2+} + 2e^{-} \rightarrow Cu$$

**ആനോഡ്**

$$Cu \rightarrow Cu^{2+} + 2e^{-}$$

**ഉദാഹരണങ്ങൾ**

സ്വർണം പൂശിയ ആഭരണങ്ങൾ,ക്രോമിയം പൂശിയ ഇരുമ്പു കൈപ്പിടികൾ ,വെള്ളി പൂശിയ പാത്രങ്ങൾ

**ചോദ്യങ്ങൾ**

1) സോഡിയം ക്ലോറൈഡ് ലായനിയുടെ വൈദ്യുതവിശ്ലേഷണത്തിൽ ആനോഡിലും കാഥോഡിലും സ്വതന്ത്രമാകുന്ന പദാർത്ഥങ്ങൾഏതെല്ലാം?

2). ഒരു ഇരുമ്പ് വളയിൽ സ്വർണം പൂശാൻ ഉപയോഗിക്കുന്ന ഇലക്ട്രോലൈറ്റ് ഏത് ?

3). നിത്യജീവിതത്തിൽ നിന്ന് വൈദ്യുതലേപനത്തിന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക .

4). ഒരു ഇരുമ്പ് സ്പൂണിൽ വെള്ളി പൂശുന്ന പ്രവർത്തത്തിന്റെ രേഖാചിത്രം വരച്ച് ആനോഡ് , കാഥോഡ് , ഇലക്ട്രോലൈറ്റ് ഇവ അടയാളപ്പെടുത്തുക

*************************